**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5361** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക ആവശ്യത്തിനായി സൗജന്യ വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ആവശ്യങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുവാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ ഏന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാന സർക്കാർ 1995-96 വർഷം മുതൽ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് നം. 311/95/എ.ഡി തീയതി 31.08.1995 പ്രകാരം നെൽകൃഷിക്ക് ഭൂവിസ്തൃതി പരിഗണിക്കാതെ സൗജന്യ വൈദ്യുതി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തുടർന്ന് 31.10.1998-ലെ സർക്കാർ ഉത്തരവ് നം. 235/98/എഡി പ്രകാരം 01.04.1997 മുതൽ 2 ഹെക്ടർ വരെയുള്ള കരകൃഷിക്കും കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം താരിഫ് തുക അനുവദിച്ച് വരുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നത് പ്രകാരമാണ്.<br><br>i) 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.<br><br>ii) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.<br><br>iii) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.<br><br>iv) കൂടാതെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.<br><br>കർഷകർ ഉപയോഗിക്കുന്ന വൈദ്യുതി ചാർജ് ഇൻവോയ്സ് ലഭിക്കുന്ന മുറയ്ക്ക് കൃഷിഭവൻ മുഖേന KSEB യ്ക്ക് നൽകുകയാണ് ചെയ്തു വന്നിരുന്നത്. തുടർന്ന് ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്ന തിനുമായി കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി തുക മുൻകൂറായി ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) മുഖേന നൽകുന്നതിന് 22/09/2021-ലെ സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | (കൈ) നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ തീരുമാനം കൈക്കൊള്ളുകയും ആയത് പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് കർഷകരുടെ സഹകരണം കുറവായതിനാൽ, കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് ഒരു ബദൽ സംവിധാനം സർക്കാർ പരിഗണിക്കുകയും KSEBയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് മുഖേന Escrow അക്കൗണ്ട് വഴി കാർഷിക വൈദ്യുതി ചാർജ് ഒടുക്കുന്നത് സംബന്ധിച്ച് നടപടി കൈക്കൊള്ളാൻ തീരുമാനിക്കുകയും തുടർന്ന് 23.01.2023-ലെ സ.ഉ.(കൈ)നമ്പർ.11/2023/കൃഷി പ്രകാരം ഉത്തരവ് ഭേദഗതി ചെയ്യുകയും ചെയ്തു.<br><br>നിലവിൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ 2.37 ലക്ഷം കണക്ഷനുകൾ ഉൾപ്പെട്ടിട്ടുള്ളതിൽ 2109 കണക്ഷൻ പാടശേഖരങ്ങളുടെയും അവശേഷിക്കുന്നവ വ്യക്തിഗത കണക്ഷനുമാണ്. 2022-23 സാമ്പത്തിക വർഷം ബജറ്റ് വിഹിതം 3692.00 ലക്ഷം രൂപ കർഷകർക്കുള്ള സൗജന്യ വൈദ്യുതിയുടെ പണം നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ